24
ജനുവരി 2024
വയനാട്

# CHRONICLE

പഴശ്ശിരാജ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മീഡിയ എഡ്യുക്കേഷൻ

PRIME Pazhassiraja Institute Of Media Education

പഴശ്ശിരാജ കോളേജ് മാസ്സ് കമ്യൂണിക്കേഷൻ വിഭാഗം പ്രസിദ്ധീകരണം

പഴശ്ശിയെന്ന മഹാവൃക്ഷത്തിലെ മറ്റൊരു ഇല കൂടി ഈ ശിശിരത്തിൽ കൊഴിയുകയാണ്. നമ്മുടെ ക്യാമ്പസിന് അത്രമേൽ സുപരിചിതയായ നമ്മുടെ **പ്രിയപ്പെട്ട സിൽവി ടീച്ചർ... രണ്ടര പതിറ്റാണ്ടെന്നത് ചുരുങ്ങിയ കാലയളവല്ല. നീണ്ട 27 വർഷക്കാലം തന്റെ നിലപാടുകൾ കൊണ്ടും ഇടപെടലുകൾ കൊണ്ടും കോളേജിന്റെ നെടുനായകത്വം വഹിച്ച പെണ്ണൊരുത്തി പടിയിറങ്ങുകയാണ്.** 1997 ഫെബ്രുവരിമാസത്തിലെ മഞ്ഞുമാറി മാനം തെളിഞ്ഞ ഒരു പ്രഭാതത്തിൽ ജോലിയിൽ പ്രവേശിച്ച സിൽവി ടീച്ചർ, 2024 മാർച്ചിൽ വേനൽച്ചൂടിന്റെ ദുഃഖം നമ്മിൽ പകർന്ന് നടന്നകലുകയാണ്. ടീച്ചർ നമ്മുടെ കോളേജിലെ ജേർണലിസം വിദ്യാർത്ഥികളുമായി പങ്കിട്ട ഓർമകൾ വരച്ച പുസ്തകത്താളിലെ പ്രസക്ത ഭാഗങ്ങൾ...



***രണ്ട് പതിറ്റാണ്ടിലേറെയായി പഴശ്ശിരാജ കോളേജിൽ ജോലി ചെയ്യുന്നു. ഈ കാലഘട്ടത്തെ ടീച്ചർ എങ്ങനെയാണ് വിലയിരുത്തുന്നത്?***

ഞാനിവിടെ എത്തിയിട്ട് 27 വർഷമായി എന്ന് തോന്നുന്നില്ല. ഓരോ ദിവസവും ആദ്യ ദിനമെന്നപോലെ പുതിയ അനുഭവങ്ങളാണ് ഈ കലാലയം എനിക്ക് നൽകുന്നത്. ഇവിടെ ജോലിക്ക് ചേർന്ന ആദ്യദിനം, അന്നത്തെ പ്രിൻസിപ്പലായിരുന്ന മോഹൻബാബു സാർ എന്നെ ക്ലാസിൽ കൂട്ടിക്കൊണ്ടുപോയി വിദ്യാർത്ഥികൾക്ക് എന്നെ പരിചയപ്പെടുത്തിയതോടുകൂടിയാണ് പഴശ്ശിയിലെ എന്റെ അധ്യാപന ജീവിതം ആരംഭിച്ചത്. അവിസ്മരണീയമായ ഓർമയാണത്. ആദ്യകാലങ്ങളിൽ പ്രീഡിഗ്രി നാലാം ഗ്രൂപ്പിലും ഡിഗ്രിയിലും പഠിപ്പിക്കുന്നുണ്ടായിരുന്നു. എനിക്ക് എന്നും പ്രിയപ്പെട്ട അന്തരീക്ഷമാണ് പഴശ്ശി നൽകിയിട്ടുള്ളതെന്നതിൽ തർക്കമില്ല. അധ്യാപനമെന്നത് ഒരു മഹത്തായ ജോലിയാണെന്ന് ഞാൻ മനസ്സിലാക്കിയത് പഴശ്ശിയിൽ എത്തിയ ശേഷമാണ്.



കുട്ടികൾക്കിടയിൽ നിൽക്കുന്നത് എനിക്കെപ്പോഴും ഒരു പ്രത്യേക ഊർജം നൽകിയിട്ടുണ്ട്. ചുരുക്കത്തിൽ ഈ 27 വർഷത്തെ അധ്യാപന ജീവിതത്തിൽ എനിക്ക് എന്റെ കുട്ടികളിൽ നിന്നോ അധ്യാപകരിൽ നിന്നോ യാതൊരു വിധ മോശം അനുഭവങ്ങളും ഉണ്ടായിട്ടില്ല.

***കലാലയ ജീവിതത്തിൽ അധ്യാപിക എന്ന നിലയിൽ എക്കാലവും ഓർത്തിരിക്കാൻ ഇഷ്ടപ്പെടുന്ന നിമിഷം ഏതാണ്?***

അധ്യാപന രംഗത്ത് നിന്നും ഞാൻ വിരമിക്കുന്നതറിഞ്ഞ് എന്റെ ഒരു പൂർവ വിദ്യാർഥി കഴിഞ്ഞ ദിവസം എന്നെ വിളിക്കുകയുണ്ടായി. കോളേജിൽ നിന്നും ഇറങ്ങുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ എന്നെ അവരുടെ സ്ഥാപനത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. ടീച്ചർ എന്റെ കീഴിൽ ജോലി ചെയ്യാനല്ല, എന്റെ ഒപ്പം നിന്ന് ഈ സ്ഥാപനത്തിന്റെ ഉയർച്ചക്കായി പിന്തുണ നൽകണമെന്നാണ് ആ വ്യക്തി ആവശ്യപ്പെട്ടത്. ഒരു പൂർവ വിദ്യാർഥിയിൽ നിന്നുള്ള ഇത്തരത്തിലുള്ള സമീപനം ഒരു അധ്യാപിക എന്ന നിലയിൽ എന്നെ അഭിമാനം കൊള്ളിച്ചു. ഇതോടൊപ്പം മറ്റൊരു സന്തോഷം നിറഞ്ഞ അനുഭവം എന്നത് എന്റെ ദീർഘ നാളത്തെ സ്വപ്നമായിരുന്ന ഡോക്ടറേറ്റ് സ്വന്തമാക്കാൻ കഴിഞ്ഞു എന്നുള്ളതാണ്.

***രണ്ട് പതിറ്റാണ്ടു കൊണ്ട് ഈ കലാലയത്തിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?***

അടിസ്ഥാന സൗകര്യങ്ങളിൽ വന്നമാറ്റമാണ് പ്രധാനമായി എനിക്ക് തോന്നുന്നത്. അന്ന് ഒരു കെട്ടിടം മാത്രമാണ് ഉണ്ടായിരുന്നത്. മറ്റെല്ലാ വിഭാഗങ്ങൾക്കും ഏകീകരിച്ച സ്റ്റാഫ് റൂം ആയിരുന്നപ്പോഴും ഇക്കണോമിക്സ് വിഭാഗത്തിന് മാത്രം പ്രത്യേക സ്റ്റാഫ് റൂം ഉണ്ടായിരുന്നു. 1991 ലാണ് ഇവിടെ ആദ്യ ഡിഗ്രി പ്രോഗ്രാം അനുവദിച്ചു കിട്ടുന്നത്. അത് ഇക്കണോമിക്സ് വിഭാഗമായിരുന്നു. അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം വന്നിരുന്നെങ്കിലും 27 വർഷം കൊണ്ട് വരേണ്ട വളർച്ചയോ പുരോഗമനമോ ഈ കലാലയത്തിന് ഉണ്ടായിട്ടില്ല എന്നുള്ളത് വളരെ വിഷമമുള്ള ഒരു കാര്യമാണ്. കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടാനും കലാലയ ജീവിതം അവിസ്മരണീയമാക്കാനുമുള്ള സൗകര്യങ്ങൾ കുറച്ചു കൂടി വർധിക്കണമെന്ന് ഞാൻ ആഗഹിക്കുന്നു. ഇനിയെങ്കിലും അതിലൊരു മാറ്റം വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

***കലാലയത്തിലെ അധ്യാപകരും അനധ്യാപകരുമായുള്ള സൗഹൃദങ്ങളെക്കുറിച്ച് വിവരിക്കാമോ?***

പഴശ്ശിരാജ കോളേജിലെ സ്റ്റാഫംഗങ്ങളുമായി ചെലവഴിച്ച കാലഘട്ടം എന്നും സുഖകരമായ ഓർമകളാണ് സമ്മാനിച്ചിട്ടുള്ളത്. ഓരോ അധ്യാപകരിൽ നിന്നും ഓരോ നല്ല ഗുണങ്ങൾ പഠിക്കാൻ സാധിച്ചിട്ടുണ്ട്. എടുത്തു പറയുവാനാണെങ്കിൽ അന്നത്തെ ഇംഗ്ലീഷ് വിഭാഗത്തിലെ അധ്യാപകരുടെ വായനയും ഭാഷാപ്രാവീണ്യവും എന്നിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സഹപ്രവർത്തകരെപ്പറ്റി പറയുമ്പോൾ എന്റെ വിഭാഗത്തിലെ അധ്യാപകരെപ്പറ്റി പറയാതിരിക്കാൻ കഴിയില്ല. വകുപ്പു മേധാവി എന്ന നിലയിൽ പലപ്പോഴും കോളേജ് തലത്തിൽ ഭാരിച്ച ഉത്തരവാദിത്വങ്ങളേറ്റെടുക്കേണ്ടി വരുമ്പോൾ എന്റെ അസാന്നിധ്യത്തിൽ പാഠ്യ പാഠ്യേതര ജോലികളിൽ എനിക്ക് സഹായം നല്കിയത് എന്റെ ഡിപ്പാർട്മെന്റിലെ അധ്യാപകരാണ്. കോളേജിലെ അനധ്യാപകരോടും എനിക്ക് നല്ല ആത്മബന്ധം ഉണ്ട്.

***ഇക്കാലയളവിൽ ഈ കലാലയത്തിൽ വച്ചുണ്ടായ ദുഃഖകരമായ ഒരു അനുഭവം പങ്കുവയ്ക്കാമോ?***

വളരെ വിഷമകരമായ അനുഭവങ്ങളൊന്നും പഴശ്ശിയിൽ നിന്നും ഉണ്ടായിട്ടില്ല. എന്നിരുന്നാലും ഇക്കഴിഞ്ഞ 2023 ലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ഉണ്ടായ തർക്കങ്ങൾ വിഷമമുണ്ടാക്കി. യൂണിയൻ തെരഞ്ഞെടുപ്പ് എന്നും കാമ്പസുകളിൽ ഒരു ഉത്സവമാണ്. കുട്ടികൾക്ക് അവരുടെ വ്യക്തിപരമായ ആശയങ്ങളും അഭിപ്രായങ്ങളും തുറന്നു പറയുവാനും അത് മറ്റുള്ളവർക്ക് വിലയിരുത്തുവാനുമുള്ള അവസരമാണ് ആ തർക്കത്തിലൂടെ നമ്മുടെ കലാലയത്തിന് നഷ്ടമായത്. നിസാരമായ പ്രശ്നങ്ങളിൽ മത്സര ബുദ്ധിയോടെയുള്ള സമീപനം മറ്റുള്ള കുട്ടികളുടെ അവസരം നഷ്ടപ്പെടുത്തുകയും ഏകപക്ഷീയമായ നിലയിൽ കോളേജിലെ വിദ്യാർത്ഥി തെരഞ്ഞെടുപ്പ് അവസാനിക്കുകയും ചെയ്തു. പഴശ്ശിയുടെ ഒരു പ്രതിനിധി എന്ന നിലയ്ക്ക് ഇത് എന്നിൽ വിഷമമുണ്ടാക്കി.

***യുവാക്കളുടെ ഇടയിലായിരുന്നു ഇക്കാലമത്രയും പ്രവർത്തിച്ചത്. യുവതലമുറയിൽ സ്വാധീനം ചെലുത്താൻ സാധിച്ചിട്ടുണ്ടെന്നു കരുതുന്നുണ്ടോ?***

തീർച്ചയായും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാലഘട്ടത്തിനനുസരിച്ച് സമൂഹത്തിലും കുട്ടികളിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നത്തെ കുട്ടികൾ ജീവിതത്തെ കുറച്ചുകൂടി നിസാരമായാണ് കാണുന്നതെന്ന് തോന്നുന്നു. ഭാവിജീവിതത്തെയോ ജോലിയെക്കുറിച്ചോ അവർ ഇപ്പോൾ ആശങ്കപെടുന്നില്ല. പഠനത്തിനപ്പുറത്തേക്ക് കുട്ടികളുമായി ഒരു ആത്മബന്ധം പുലർത്താൻ ഞാൻ എപ്പോഴും ശ്രമിക്കാറുണ്ട്. ഒരു സുഹൃത്തായി നിൽക്കുമ്പോഴും ആരോഗ്യപരമായ അകലം പാലിക്കാനും ഞാൻ മറക്കാറില്ല.

**അധ്യാപനം ഞാൻ ആഗ്രഹിച്ചെടുത്ത മേഖല അല്ലെങ്കിലും ഇന്ന് 27 വർഷം പൂർത്തിയായി നിൽക്കുന്ന എനിക്ക് ആ തീരുമാനമെടുത്തതിൽ അഭിമാനം തോന്നുന്നു.**

***അധ്യാപന മേഖലയിലേക്ക് എങ്ങനെയാണ് എത്തിച്ചേർന്നത്?***

ചെറുപ്പത്തിലെ എന്റെ ഏറ്റവും വലിയ സ്വപ്നം ഒരു ബാങ്ക് ഉദ്യോഗസ്ഥയാവുക എന്നതായിരുന്നു. പിന്നീട് എന്റെ ഒരു സുഹൃത്ത് ബി.എഡിന് ചേരുകയാണെന്നും എന്നോട് താൽപര്യമുണ്ടോയെന്നും ചോദിച്ചു. അതേ തുടർന്നാണ് ഞാൻ ബി.എഡിന് ചേരുന്നത്. അധ്യാപനം ഞാൻ ആഗ്രഹിച്ചെടുത്ത മേഖല അല്ലെങ്കിലും ഇന്ന് 27 വർഷം പൂർത്തിയായി നിൽക്കുന്ന എനിക്ക് ആ തീരുമാനമെടുത്തതിൽ അഭിമാനം തോന്നുന്നു.



വര–റിയ കെ

### എങ്ങനെയാണ് പഴശ്ശിയിലേക്കെത്തിയത്?

പഠനം പൂർത്തിയാക്കിയ കാലഘട്ടത്തിൽ മലങ്കര കത്തോലിക്ക സഭയുടെ സോഷ്യൽ സർവീസ് വിഭാഗമായ ശ്രേയസിൽ പ്രോജക്ട് ഓഫീസറായി 3 വർഷം ജോലി ചെയ്തു. അന്ന് രൂപതയിലെ വൈദികരാണ് പഴശ്ശിയിൽ പ്രീഡിഗ്രി വിഭാഗത്തിൽ ഒരു അധ്യാപികയുടെ ഒഴിവുണ്ടെന്ന് അറിയിക്കുന്നത്. ശേഷം 1997 ഫെബ്രുവരിയിലാണ് ഞാനിവിടെ ജോലിയിൽ പ്രവേശിക്കുന്നത്.

### എന്താണ് ടീച്ചറുടെ ഭാവി പരിപാടികൾ?

അടുത്തതെന്തെതിനെപ്പറ്റി വ്യക്തമായ ഒരു തീരുമാനത്തിലെത്തിയിട്ടില്ല. മനസ്സിനിഷ്ടമുള്ളത് ചെയ്യുക എത് മാത്രമാണ് ഉദ്ദേശ്യം. ഒരു പക്ഷേ മക്കളോടൊപ്പം വിദേശത്തേക്ക് പോകും. അല്ലെങ്കിൽ നാട്ടിൽ തന്നെ ബിസിനസ്സ് തുടങ്ങും.



### പഴശ്ശിയിൽ നിന്നിറങ്ങുന്ന വേളയിൽ ഇവിടുത്തെ വിദ്യാർത്ഥികളോട് എന്തെങ്കിലും പറയാനുണ്ടോ?

മലയാളികളുടെ ശരാശരി ആയുസ് 75 വയസ്സാണ്. സ്കൂളിലും കോളേജിലുമായി ചെലവഴിക്കുന്നത് 25 വയസ്സ് വരെയുള്ള കാലഘട്ടമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഈ വർഷങ്ങളിലെ നമ്മുടെ പ്രവർത്തിയെ അനുസരിച്ചിരിക്കും അടുത്ത 50 വർഷത്തെ വളർച്ച. അതുകൊണ്ട് തന്നെ കോളേജിലെ ഓരോ നിമിഷവും ബുദ്ധിപരമായി വിനിയോഗിക്കുക. പഠനത്തിനോടൊപ്പം തന്നെ നല്ല വായനാ ശീലവും നല്ല പെരുമാറ്റവും കഴിവുകളും വളർത്തിയെടുത്ത് ഒരു നല്ല മനുഷ്യനായി മാറുക.

മികച്ച അധ്യാപിക, അതിലുപരി മാനുഷിക മൂല്യങ്ങൾക്കും സൗഹൃദങ്ങൾക്കും വില കൽപ്പിക്കുന്ന പഴശ്ശിയുടെ സൗമ്യ മുഖം, അതാണ് സിൽവി ടീച്ചർ.
നമ്മുടെ കോളേജിന്റെ വളർച്ചഘട്ടങ്ങളുടെയും അതിനിടയിൽ സംഭവിച്ച തലമുറ മാറ്റത്തിന്റെയും സാക്ഷിയായ ടീച്ചർക്ക് പുതുതലമുറയിലും ലഭിക്കുന്ന സ്വീകാര്യത അതിശയിപ്പിക്കുന്നതാണ്. ടീച്ചർ നൽകിയ സ്നേഹത്തിന്, സൗഹൃദത്തിന്, അകൈതവമായ പിന്തുണയ്ക്ക്, ഹൃദയത്തോട് ചേർത്ത് നിർത്തിയതിന്, നല്ല നിമിഷങ്ങൾക്ക് നന്ദി പറഞ്ഞ് അവസാനിപ്പിക്കുക എന്ന സാഹസത്തിന് ഞാൻ മുതിരുന്നില്ല. എങ്കിലും മൂന്നു പതിറ്റണ്ട് കാലത്തെ ഔദ്യോഗിക ജീവിതത്തിൽ നിന്നും പിരിയുന്ന ടീച്ചർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

**അബ്ദുൽ ബാരി കെ കെ**
**പ്രിൻസിപ്പൽ**

ഡോ. സിൽവി ടീച്ചർ...
ഒരുപാട് വർഷങ്ങൾ കൂടെ നടന്നതിനും... ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ചതിനും.... നൽകിയ കരുതലിനും നന്ദി...
ഇവിടെ നിന്നുള്ള പിൻവാങ്ങൽ പുതിയ കർമ്മപഥത്തിലേക്കുള്ള പറിച്ചു നടൽ മാത്രം... ഇതുവരെ നേടിയ അനുഭവങ്ങൾ ഇനിയുള്ള ജീവിതത്തിന് മുതൽക്കൂട്ടാവട്ടെ... ഒത്തിരി സ്നേഹത്തോടെ.... പ്രാർത്ഥനയോടെ...

**സ്മിത ചാക്കോ,**
**സ്റ്റാഫ് സെക്രട്ടറി**

മാതൃ വാത്സല്യത്തോടെ തിരക്കുകൾക്കിടയിലും സമയം കണ്ടെത്തി മറ്റുള്ളവരെ പരിഗണിക്കുന്ന ഒരമ്മ മനസ്. വിഷമഘട്ടങ്ങളിൽ താങ്ങായി ആശ്വസമായി, മുന്നോട്ട് നീങ്ങുവാൻ ആത്മവിശ്വസം നൽകിയ സിൽവി ടീച്ചർ. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്ന പ്രിയപ്പെട്ട സിൽവി ടീച്ചർക്ക് സ്നേഹാശംസകൾ

**അഖിൽ അഗസ്റ്റിൻ,**
**ഓഫീസ് സൂപ്രണ്ട്**









കഴിഞ്ഞ 27 വർഷക്കാലം അറിവിന്റെ പ്രകാശവുമായി അനേകം വിദ്യാർത്ഥികളുടെ ഹൃദയത്തിൽ ഇടം പിടിച്ച ഡോക്ടർ സിൽവി ടീച്ചർക്ക് അധ്യാപന ജോലിയിൽ നിന്ന് വിരമിക്കുന്ന ഈ വേളയിൽ എല്ലാനന്മകളും ഭാവുകങ്ങളും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ചാക്കോ.**
**ചേലംപറമ്പത്ത്. ബർസാർ**
**പഴശ്ശിരാജ കോളേജ്**

നിറഞ്ഞ പുഞ്ചിരിയും, സൗമ്യമായ പെരുമാറ്റത്തിലൂടെയും പഴശ്ശിരാജ കോളേജ് ക്യാമ്പസിനെ നിറച്ചാർത്തണിയിയിച്ച ഡോ. സിൽവി ടി. സ്
എന്ന വസന്ത കാലത്തിന് വിരാമമാകുന്നു. എന്നാൽ അങ്ങയുടെ ഭാവി ജീവിതത്തിൻറെ ഋതുഭേദങ്ങളിൽ ശീതളമായ വസന്ത അനുഭവങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു

**ഫാ. വർഗീസ് കൊല്ലംമാവുടി,**
**സിഇഒ, പഴശ്ശിരാജ കോളേജ്**

കഴിഞ്ഞ അഞ്ചു വർഷക്കാലമായി ഞാൻ ഇവിടെ ജോലി ചെയ്തു വരുന്നു. ഈയൊരു കാലയളവിൽ എന്നോട് വളരെ സ്നേഹത്തോടെയാണ് പെരുമാറിയിട്ടുള്ളത്. ക്യാമ്പസിൽ വച്ച് കാണുന്ന സമയത്ത് ശ്രീദേവി എന്ന് വിളിക്കാറും വിശേഷങ്ങൾ ചോദിച്ചറിയാറുമുണ്ട്. ഡിപ്പാർട്ട്മെന്റിൽ അടിച്ചുവാരാൻ പോകുന്ന സമയത്ത് ഒരു മിഠായി ആണെങ്കിൽ കൂടി അതെനിക്കും തരാറുണ്ട്. ടീച്ചർ കോളേജിൽ നിന്ന് പോകുന്നതിൽ വളരെയധികം സങ്കടമുണ്ട്. എല്ലാവിധ ഭാവുകങ്ങളും ടീച്ചർക്ക് സ്നേഹപൂർവ്വം നേരുന്നു.

**ശ്രീദേവി സന്ദീപ്**
**(ഹൗസ് കീപ്പിംഗ് സ്റ്റാഫ് )**



**Editorial team**

അക്ഷയ കെ,
സാന്ദ്ര എസ് നായർ,
പാർവ്വതി വി,
ഹരിത സി,
അരുണിമ അനിൽ,
സഞ്ജീവ് കൃഷ്ണൻ,
അതുൽ പ്രതാപ്,
റിയ കെ